## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2324 — 09.12.2014-ൽ മറുപടിക്ക്

**പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള സഹായം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി:** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ** (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക സഹകരണ സംഘങ്ങളെ പുഷ്ടിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ദുർബലമായ പ്രാഥമിക സഹകരണ സംഘങ്ങളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൂടുതൽ സഹകരണസംഘങ്ങൾക്ക് ഓഹരി മൂലധനമായി തുക നൽകാനും, ഓഫീസ് കെട്ടിട വിപുലീകരണം, ആധുനികവത്കരണം, നവീകരണം, സ്ട്രോംഗ് റൂം, ക്യാഷ് കൗണ്ടർ, ലോക്കർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ഗോഡൗണുകൾ നിർമ്മിക്കുന്നതിനും മറ്റ് സാമൂഹ്യ ആരോഗ്യ സേവനരംഗത്ത് ഇടപെടലുകൾക്കുമായി എൻ.സി.ഡി.സി. യിൽ നിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കി സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവത്ക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം തുടങ്ങിയ ആധുനികവത്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും, മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രോത്സാഹനത്തിനായി ധനസഹായം നൽകിയും സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നിക്ഷേപരംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തു ന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേ പത്തിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ സഹകരണസംഘങ്ങളെയും കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ഉൾപ്പെടുത്തുന്നതിനും, കുടിശ്ശിക |

നിവാരണ പദ്ധതി നടപ്പിലാക്കിയും, ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കി സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നതോടൊപ്പം സാമൂഹിക ക്ഷേമ പദ്ധതികൾ ഏറ്റെടുത്ത് ജനങ്ങളെ സംഘങ്ങളുടെ പ്രവർത്തനത്തിൽ അടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളും, വായ്പാ മേഖലയെയും ത്രിതല വായ്പാ സംവിധാനത്തെയും ദുർബലപ്പെടുത്തുന്ന വ്യവസ്ഥകളും നിയമാവലിയിൽ ഉൾപ്പെടുത്തുന്നതും ഇതിനുവേണ്ടി നിയമാവലികൾ ഭേദഗതികൾ ചെയ്യുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) അപൂർവ്വം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുതിയ നിർദ്ദേശങ്ങൾ നൽകുമോ? | (സി) പ്രാഥമിക സഹകരണസംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പിലാക്കിവരുന്നുണ്ട്. നിക്ഷേപകരുടെ താത്പര്യം പൂർണ്ണമായും സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ